## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2015 യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമ വികസന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും ബഹു. പഞ്ചായത്ത് വകുപ്പ്മന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.09.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 **1145** തദ്ദേശഭരണ സ്ഥാപനങ്ങൾ **754.19**കോടി രൂപ (**12.41** %) ചെലവഴിച്ച തായും ഇതിൽ **954** ഗ്രാമപഞ്ചായത്തുകൾ **431.29** കോടി രൂപയും (**13.56** %), **122**ബ്ലോക്ക് പഞ്ചായത്തുകൾ **81.50** കോടി രൂപയും **(11.13.%)**, **14** ജില്ലാ പഞ്ചായത്തുകൾ **108.49**കോടി രൂപയും (**11.94**%), **50.**മുനിസിപ്പാലിറ്റികൾ **75.22**കോടി രൂപയും, (**11.74**%), **5** കോർപ്പറേഷനുകൾ **57.68**കോടി രൂപയും (**9.37**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 കഴിഞ്ഞ 6 മാസത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ പദ്ധതി ചെലവ് കുറവായതിന് പ്രധാന കാരണം മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിലെ സ്തംഭനാവസ്ഥയാണെന്നും ഇ-ടെണ്ടർ സംബന്ധിച്ച നിലവിലുള്ള ബഹു.ഹൈക്കോടതിയിലെ കേസുകളിൽ അന്തിമ വിധി സമ്പാദിക്കത്തക്ക നിലയിൽ കോടതിയെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി അടിയന്തിരമായി ബന്ധപ്പെടാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടപടി സ്വീകരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

3 **പ്രത്യേക വിഷയങ്ങൾ**

**3.1 കൊളച്ചേരി ഗ്രാമപഞ്ചായത്ത്**

ഒരുഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന കുടുംബത്തിന്റെ വകയായി മറ്റൊരു പഞ്ചായത്തിലുള്ള ഭൂമിയിൽ ഭവനം നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകുന്നത് പ്രായോഗികമല്ല എന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്**

പാലിയേറ്റീവ് കെയറിനായി വാഹനം പഞ്ചായത്തിന്റെ പേരിൽ വാങ്ങാനും തുടർ ചെലവുകൾ വഹിക്കണം എന്ന വ്യവസ്ഥയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറിക്കൊടുക്കാൻ അനുവദിച്ചും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 വിജയപുരം ഗ്രാമപഞ്ചായത്ത്**

കൈമാറിയ സ്ക്കൂളുകളുടെ ടെലഫോൺ ചാർജ് ഗ്രാമപഞ്ചായത്ത് വഹിക്കാൻ നിലവിൽ വ്യവസ്ഥയുള്ളതായി യോഗം നിരീക്ഷിച്ചു. മാലിന്യസംസ്ക്കരണത്തിന് ബർണറിൽ തീ കൊളുത്തുന്നതിന് കൈച്ചീട്ട് (Hand receipt) മാതൃകയിൽ ആളിനെ ചുമതലപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

കാർഷികോല്പന്ന സംഭരണ മൊത്ത വിപണനകേന്ദ്രം നിർമ്മാണ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം കരാർ പ്രകാരമുള്ള വ്യവസ്ഥകളും പൊതുമരാമത്ത് ചട്ടങ്ങളും പാലിക്കാൻ യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്**

**(ബഹു.കൊണ്ടോട്ടി എം.എൽ.എ കെ. മുഹമ്മദുണ്ണി ഹാജിയുടെ കത്ത്)**

പ്രവേശനോത്സവത്തിന്റെ ഭാഗമായി സ്ലേറ്റും ബാഗും വിതരണം ചെയതതിന് പ്ലാൻഫണ്ടാണ് വിനിയോഗിച്ചതെങ്കിൽ തിരിച്ചടയ്ക്കാനും തനത് ഫണ്ടാണെങ്കിൽ നടപടിക്ക് സാധൂകരണം നൽകാനും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കോട്ടയം ജില്ലാ പഞ്ചായത്ത്**

വാഹനം വാങ്ങാൻ നൽകിയ തുക തിരികെ കിട്ടിയത് ഉപയോഗിച്ച് വേറെ വാഹനം വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

ക്രൂസ് മുഖേന വാങ്ങണം എന്ന നിർദ്ദേശം നിലവിലുള്ളപ്പോൾ ടെണ്ടർ മുഖേന തെരുവുവിളക്ക് സാമഗ്രികൾ വാങ്ങിയ നടപടിക്ക് പ്രത്യേക കേസായി സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചെറുകാവ് ഗ്രാമപഞ്ചായത്ത്**

2015 ഡിസംബറിനു ശേഷം ഗുണഭോക്താക്കൾ തന്നെ കറണ്ട് ചാർജ് അടയ്ക്കുമെന്ന ഗ്രാമപഞ്ചായത്തിന്റെ ഉറപ്പിന്മേൽ ദേവസ്വം പറമ്പ് കുടിവെള്ള പദ്ധതിക്ക് തനത് ഫണ്ടിൽ നിന്ന് കറണ്ട് ചാർജ് അടവാക്കിയതിന് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത്**

ബി.പി.സി.എൽ ഏതെങ്കിലും പ്രത്യേക മാനദണ്ഡങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ഒരു വിഭാഗം നിർദ്ധന കുടുംബങ്ങൾക്ക് കക്കൂസ് സ്ഥാപിച്ചു കൊടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടതെന്നും സർക്കാർ മാനദണ്ഡങ്ങൾക്കും സബ്സിഡിക്കും വിധേയമായി ഗ്രാമപഞ്ചായത്ത് തങ്ങളുടേതായ ശുചിത്വ പ്രോജക്ടുമായി മുന്നോട്ടു പോകുന്നതിന് അതു തടസ്സമില്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ചേലക്കര ഗ്രാമപഞ്ചായത്ത്**

സിഡ്കോ അംഗീകൃത ഏജൻസി അല്ലാത്തതിനാൽ സ്ട്രീറ്റ്ലൈറ്റ് സാമഗ്രികൾ വിതരണം ചെയ്തതിന് തുക നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്**

തെരുവുവിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണെന്ന് യോഗം നിരീക്ഷിക്കുകയും അത്തരം വിഷയങ്ങൾ വീണ്ടും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലെന്നു നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്ത്**

റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് ബഹു.ഹൈക്കോടതിയുടെ ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്**

എസ്.സി.പി. ഫണ്ടുപയോഗിച്ചുള്ള യുവജനക്ഷേമ പദ്ധതികൾ ഏറ്റെടുക്കുന്നത് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമായിരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 മരുതറോഡ് ഗ്രാമപഞ്ചായത്ത്**

ഭവന വായ്പാ തിരിച്ചടവിനായി ഇനി പ്രത്യേക കോഡ് രൂപീകരിക്കേണ്ടതില്ലെന്നും ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കോഡ് അതിന് അനുയോജ്യമാണെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 അരീക്കോട് ഗ്രാമപഞ്ചായത്ത്**

2009–10 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തെങ്കിലും മുടങ്ങിപ്പോയ മത്സ്യ മാർക്കറ്റ് നിർമ്മാണം നടപ്പു സാമ്പത്തിക വർഷം പുനരാരംഭിക്കുന്നത് നിലവിലുള്ള പി.ഡബ്ല്യൂ.ഡി. വ്യവസ്ഥകൾക്കു വിധേയമായിട്ടായിരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പ്രവൃത്തി പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത സാഹചര്യത്തിൽ പകരം പ്രോജക്ട് എടുക്കുന്നതിന് തടസ്സമില്ലായിരുന്നെന്നും നിർദ്ദിഷ്ഠ കാലയളവിനുള്ളിൽ പദ്ധതി ഭേദഗതി ചെയ്യാമായിരുന്നെന്നും അതിനാൽ ആവശ്യം ഇപ്പോൾ പ്രസക്തമല്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 വല്ലച്ചിറ ഗ്രാമപഞ്ചായത്ത് (ബഹു.എം.എൽ.എ പ്രൊഫ.സി. രവീന്ദ്രനാഥ് മുഖേന)**

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലാമ്പ് സ്ഥാപിക്കുന്ന പദ്ധതിയുടെ ധനകാര്യ വശങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു പ്രത്യേക യോഗം ചേരുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

ജില്ലാ ശുചിത്വ മിഷൻ മുഖേന ഇ–ടോയ്‌ലറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് നിർമ്മൽ പുരസ്കാർ അവാർഡിലെ മിച്ചമുള്ള തുകയിൽ നിന്നും വിനിയോഗിക്കാൻ യോഗം അനുമതി നൽകി തീരുമാനിച്ചു

**3.19 തോളൂർ ഗ്രാമപഞ്ചായത്ത് (ബഹു.മന്ത്രി.സി.എൻ. ബാലകൃഷ്ണൻ മുഖേന)**

വയോമിത്രം പദ്ധതിയിൽ മാത്രം 75 വയസു കഴിഞ്ഞ പട്ടികജാതി വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകാൻ യോഗം അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

ബിറ്റുമിൻ വാങ്ങിയതിലെ 2010–11 മുതൽ നാലു വർഷക്കാലയളവിലെ അധിക തുക നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 എളവള്ളി ഗ്രാമപഞ്ചായത്ത് (ബഹു.എം.എൽ.എ ശ്രീ. പി. മാധവൻ മുഖേന)**

ഭവന പദ്ധതിക്കായി നിലവിലുള്ള ലോൺ അക്ടിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്**

അംഗീകാരമുള്ള ബഡ്സ് സ്ക്കൂളുകൾക്കെല്ലാം കുടുംബശ്രീയിൽ നിന്ന് വാഹനം നൽകി വരുന്നുണ്ടെന്നും, ഇതിനോടകം കുടംബശ്രീയിൽ നിന്നും വാഹനം ലഭിച്ചിട്ടില്ലെങ്കിൽ മാത്രം വാഹനം ഗ്രാമപഞ്ചായത്തിന് വാങ്ങി നൽകാവുന്നതാണെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 അമരമ്പലം ഗ്രാമപഞ്ചായത്ത്**

**(ബഹു. ഊർജ്ജ വകുപ്പുമന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദ് മുഖേന)**

ഭിന്നശേഷിയുള്ളവർക്കായി പ്രവർത്തിച്ചു വരുന്ന ഡേ കെയർ സെന്ററിലെ ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്ന് വേതനം നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പാലക്കാട് ജില്ലാ പഞ്ചായത്ത്**

നിറുത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര സർക്കാർഫണ്ട് ലഭ്യമല്ലാത്തതിനാൽ BRGF പൂർത്തീകരണ പ്രവൃത്തികൾ എന്ന പ്രോജക്ട് ഉൾപ്പെടുത്തുന്നതിനായി പദ്ധതി സെപ്റ്റംബർ 30 ന് മുമ്പ് ഭേദഗതി ചെയ്യാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ MKDP യിലെ വനിത ലേബർ ബാങ്കിലെ 106 അംഗങ്ങൾക്ക് യൂണിഫോം നൽകുന്നത് പദ്ധതി പ്രകാരം അനുവദനീയമാണെങ്കിൽ കേന്ദ്ര സർക്കാർ ഫണ്ട് തന്നെ ഉപയോഗിക്കേണ്ടതാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് അതിനായി ഉപയോഗിക്കാൻ പാടില്ലെന്നും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 തിടനാട് ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 144/ഡി.എ1/15/തസ്വഭവ)**

ചെറു തേനീച്ച കൃഷി, വൻ തേനീച്ച കൃഷി എന്നിങ്ങനെ അവാന്തര വിഭാഗങ്ങളുണ്ടെങ്കിൽ പോലും തേനീച്ചകൃഷി എന്ന നിലവിലെ കോഡ് ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 220/ഡി.ഡി.2/15/തസ്വഭവ)**

പെരിക്കല്ലൂർ എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സിക്കായി 2 ഏക്കർ സ്ഥലം ആർജിക്കുന്നതിന് തനത് ഫണ്ട് ഉപയോഗിക്കാൻ യോഗം അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 220/ഡി.ഡി.2/15/തസ്വഭവ)**

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അനുവാദത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വൈദ്യുതി ലൈൻ നീട്ടുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാൻ 02.12.2014-ലെ സ.ഉ.(സാധാ)3172/14/തസ്വഭവ ഉത്തരവു പ്രകാരം അനുമതിയുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ തെരുവുവിളക്കുകൾ സ്ഥാപിക്കലും പരിപാലിക്കലും ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണ ഉത്തരവാദിത്തത്തിലാണ് നടപ്പിലാക്കേണ്ടതെന്നും യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 വണ്ടൂർ ഗ്രാമപഞ്ചായത്ത്**

ശിലാ സ്ഥാപനവുമായി ബന്ധപ്പെട്ട ഉദ്ഘാടന ചടങ്ങുകൾ പ്രാദേശികമായി കമ്മിറ്റി രൂപീകരിച്ചും സ്പോൺസർഷിപ്പിലൂടെ തുക സമാഹരിച്ചുമാണ് ചെയ്യേണ്ടതെന്നും മേലിൽ ഇത്തരം ആവശ്യങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കരുതെന്നും യോഗം നിർദ്ദേശിച്ചു. ഉത്ഘാടന ചടങ്ങ് കഴിഞ്ഞുപോയ സ്ഥിതിക്ക് തനത് ഫണ്ടിൽ നിന്ന് 50000 രൂപ വിനിയോഗിക്കാൻ യോഗം അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

അംഗൻവാടികളുടെ കലാ-കായിക പരിശോധനാ പ്രോത്സാഹനം എന്ന 2013-14, 2014-15 വർഷങ്ങളിലെ പ്രോജക്ടിന്റെ ചെലവു തുക വിനിയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 വടക്കേക്കാട് ഗ്രാമപഞ്ചായത്ത്**

ഭവന പദ്ധതി നടപ്പിലാക്കുമ്പോൾ ഓരോ വർഷവും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടു പുറപ്പെടുവിക്കുന്ന മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശിക്കണമെന്ന ആവശ്യം യോഗം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 മാണിക്കൽ ഗ്രാമപഞ്ചായത്ത്**

നടപടിക്രമങ്ങൾ പാലിച്ചിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ പഴയ വാഹനം ലേലം ചെയ്തു വിൽക്കാനും പുതിയ ബൊലേറോ വാഹനം വാങ്ങാനും അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 താഴെക്കോട് ഗ്രാമപഞ്ചായത്ത്**

ഉപയോഗക്ഷമമല്ലാത്ത പഴയ വാഹനം ലേലം ചെയ്തു വിൽക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 വടക്കേക്കാട് ഗ്രാമപഞ്ചായത്ത്**

ജവഹർ ഭവന പദ്ധതിയിലെ വീടുകളുടെ തറ വിസ്തീർണ്ണം 82.5 ച.മീ ആക്കി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്**

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച അംഗൻവാടിയുടെ പണി പൂർത്തിയാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു. നിലവിൽ ഇതിന് ഉത്തരവുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 അന്നമനട ഗ്രാമപഞ്ചായത്ത്**

ഷിഫ്റ്റ് പമ്പ് ചെയ്യുന്നതിന് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ച ഓപ്പറേറ്റർക്ക് പഞ്ചായത്ത് വേതനം നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുകയും വാട്ടർ അതോറിട്ടിയാണ് വെള്ളക്കരം പിരിക്കുന്നതെങ്കിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചു. തത്സംബന്ധമായി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 കണ്ണൂർ ജില്ലാ കളക്ടറുടെ കത്ത്**

ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് ഒരേ സമയം ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ തുക 100 കോടി രൂപയായി വർദ്ധിപ്പിക്കണമന്ന ആവശ്യം അനുകൂലമായി പരിഗണിക്കാൻ ധനകാര്യ വകുപ്പിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.217/ഡി.ബി.1/15/തസ്വഭവ)**

ഇ.എം.എസ്. ഭവന പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ അതിലെ ഭവനങ്ങളുടെ തറ വിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 കാസറഗോഡ് ജില്ലാ പഞ്ചായത്ത്   (ഫയൽ നം. 159/ഡി.ബി.3/15/തസ്വഭവ)**

നെൽക്കൃഷിക്ക് കൂലിചെലവിനത്തിൽ ഹെക്ടറിന് 6000 രൂപ വകയിരിത്താൻ ജില്ലാ പഞ്ചായത്തിനെ അനുവദിക്കണമെന്ന ആവശ്യം നിലവിലെ സബ്സിഡിയെക്കാൾ അത് അധിക സബ്സിഡിയാകുമെന്നതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 പൂവച്ചൽ ഗ്രാമപഞ്ചായത്ത്**

കാട്ടാക്കട പബ്ലിക് മാർക്കറ്റ് അന്താരാഷ്ട്ര മാർക്കറ്റായി നവീകരിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മാനദണ്ഡങ്ങൾ പാലിച്ച് തനത് ഫണ്ട് ചെലവാക്കുന്നതിന് യോഗം അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 ഉടമ്പന്നൂർ ഗ്രാമപഞ്ചായത്ത്**

ജവഹർ ഭവന പദ്ധതിക്ക് വായ്പയെടുക്കുന്നതിലെ തിരിച്ചടവ് 30% ആയി വർദ്ധിപ്പിക്കുന്ന ആവശ്യം യോഗം പരിശോധിക്കുകയും 01.07.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ ഇനം 3.20 തീരുമാന പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് 15% വും അധികമായി വരുന്ന തുക തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചിരുന്നു.

അധികമായി 5% കൂടി വികസന ഫണ്ടിൽ നിന്ന് അടവാക്കുന്നതിന് പ്രത്യേക കേസായി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 തൃശൂർ ജില്ലാ പഞ്ചായത്ത്**

10 കോടി രൂപ അടങ്കലുള്ള ജല സമൃദ്ധി പദ്ധതിയുടെ ടെണ്ടർ ഒഴിവാക്കി IDRB (Irigation Design And Reserch Board) ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടത് ചർച്ച ചെയ്യുകയും IDRB വഴി നടപ്പിലാക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.30ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 30.09.2015–ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**